കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

# കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

www.lfa.kerala.gov.in

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി. 25-19/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഇ-മെയിൽ-dopkd.ksad@kerala.gov.in

ഫോൺ 0491-2520145

തീയതി : 22.01.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

**കുഴൽമന്ദം** ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : **കുഴൽമന്ദം** ബ്ലോക്ക് പഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കുഴൽമന്ദം** ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി. 25-19/2020 തീയതി 22.01.2020

## പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

പാലക്കാട് ജില്ലയിലെ **കുഴൽമന്ദം** ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26-04-2019 മുതൽ 17-12-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം.ആർ.സുനിൽ ദത്ത്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-12-19 മുതൽ 28-12-19 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.അരവിന്ദാക്ഷൻ കെ വി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ.ഷർഫുദ്ദീൻ എസ് എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാമകൃഷ്ണൻ കെ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷേളി.പി | 01-04-18 മുതൽ 31-03-19വരെ |
| സെക്രട്ടറി | ശ്രീ.കെ.ടി.വിജയകുമാർ | 1-4-18 മുതൽ 20-07-18 വരെ |
| | ശ്രീ. സി എച്ച് ഹമീദ്കുട്ടി ആശാൻ | 21-07-18 മുതൽ 31.3.19 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.എ.കെ.സരസ്വതി | 01-04-2018 മുതൽ 13-05-2018 വരെ |
| | ശ്രീമതി മേരി വിജയ കെ കൃഷി ഓഫീസർ കോട്ടായി (ഇൻ ചാർജ്ജ്) | 14-05-18 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ.സുബ്രഹ്മണ്യൻ.കെ.സി | 01-04-2017 മുതൽ 08-06-2018 വരെ |
| | ശ്രീ പ്രദീപ്കുമാർ കെ | 08-06-18 മുതൽ 31-03-2019 വരെ |
| സൂപ്രണ്ട്-സി.എച്ച്.സി കുഴൽമന്ദം | ഡോ.മൈനാവതി.ആർ | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രോജക്റ്റ് ഓഫീസർ ഐ.സി.ഡി.എസ്-കുഴൽമന്ദം | ശ്രീമതി.രമ .ആർ | 01-04-2018 മുതൽ 31-03-2019 വരെ |
| ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ,കുഴൽമന്ദം | ശ്രീ.കെ.സുന്ദരൻ | 01-4-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജയലക്ഷ്മി | 01-04-2018മുതൽ 12-06-18 വരെ |
| | ശ്രീമതി. ശ്യാമ എം എ | 13-06-2018മുതൽ 30-08-2018 വരെ |

| | | |
|---|---|---|
| | ശ്രീമതി അഫ്സ എം എസ് | 31-08-2018മുതൽ 05-10-2018 വരെ |
| | ശ്രീ.അനൂപ് പി എ | 05-10-18 മുതൽ 31-03-2019 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബാലകൃഷ്ണൻ എ പി | 01-4-2018 മുതൽ 31-03-2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-8 |
| 9 | വനിതാ ഗാർമെന്റ്സ് യൂണിറ്റ് തുടങ്ങുന്നതിന് വായ്പാബന്ധിത സബ്സിഡി നൽകൽ | 1-9 |
| 10 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങിനൽകൽ- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-10 |
| 11 | പ്രീ മെട്രിക്ക് ഹോസ്റ്റലിലേക്ക് ഫർണ്ണീച്ചറും പാത്രങ്ങളും വാങ്ങൽ- ടെണ്ടർ ക്ഷണിക്കാതെ വാങ്ങി | 1-11 |
| 12 | സ്വയം സഹായക സംഘം/കുടുംബശ്രീ ജെ എൽ ജി ഗ്രൂപ്പുകൾക്ക് പശുവളർത്തലിന് വായ്പാബന്ധിത സബ്സിഡി നൽകൽ - സബ്സിഡി മാർഗരേഖക്ക് വിരുദ്ധം | 1-12 |
| 13 | 500000 രൂപയിൽ കുറവ് അടങ്കൽ ഉള്ള പ്രൊജക്ടുകൾ നടപ്പിലാക്കിയത്- പദ്ധതി മാർഗരേഖക്ക് വിരുദ്ധം | 1-13 |

| | | |
|---|---|---|
| 14 | സായംസന്ധ്യ- വയോജനങ്ങളുടെ സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി (എസ് സി) - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-14 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-15 |
| 16 | ഐ.എ.വൈ/ലൈഫ്, പി.എം.എ.വൈ പദ്ധതികൾ- ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് | 1-16 |
| 17 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | 1-17 |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-18 |
| 19 | ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കാട്ടത്ത സ്ഥാപനത്തിന് വേണ്ടി തുക ചെലവഴിച്ചു- ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു | 1-19 |
| 20 | വനിത ലേബർ ഗ്രൂപ്പിന് ഉപകരണങ്ങൾ വാങ്ങൽ- യൂണിറ്റ് പ്രവർത്തിക്കുന്നില്ല | 1-20 |
| 21 | കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ- കെൽട്രോണിന് അധിക തുക നൽകിയത് തിരികെ ലഭ്യമാക്കണം | 1-21 |
| 22 | ബാരലിന്റെ വില കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു | 1-22 |
| 23 | മരാമത്തു പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ ഈടാക്കിയില്ല | 1-23 |
| 24 | പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് പൊതു വിഭാഗത്തിനു വേണ്ടിയുള്ള നിർമ്മാണം അംഗീകരിക്കാവുന്നതല്ല | 1-24 |
| 25 | കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഷെഡ്ഡിന് അധിക നിരക്ക് അനുവദിച്ചു | 1-25 |
| 26 | കുടിവെള്ള പദ്ധതികൾക്ക് ബോർഡ് സ്ഥാപിക്കാൻ തുക നൽകിയെങ്കിലും ബോർഡ് സ്ഥാപിച്ചില്ല | 1-26 |
| 27 | ട്രസ്സ് വർക്ക് ചെയ്തതിന് അധികം തുക അനുവദിച്ചു | 1-27 |
| 28 | ടെന്റർ ഫോറം ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ല | 1-28 |
| | ഭാഗം 2 | |

| | | |
|---|---|---|
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 29 | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 30 | ഇല്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 31 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 43 | വിവിധ പത്രികകൾ - സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 23/02/2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 27.05-19 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 50571641 |
| വരവ് | ₹ 117257892 |
| ആകെ | ₹ 167829533 |
| ചെലവ് | ₹ 121801234 |
| നീക്കിയിരിപ്പ് | ₹ 46028299 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 38760000 | 38760000 | 38760000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 35445000 | 35445000 | 35445000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 115000 | 115000 | 115000 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4592000 | 4592000 | 3187478 | 1404522 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (BRGF) | 396347 | 14055 | 410402 | 12 | 410390 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (IAY-Plan) | 35582989 | 28425727 | 64008716 | 34862650 | 29146066 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (TSC) | 1279942 | 95365 | 1375307 | 68038 | 1307269 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (IAY/NREP) | 2621297 | 70282 | 2691579 | 0 | 2691579 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (Hariyali) | 1547001 | 54860 | 1601861 | 0 | 1601861 |
| സ്ഥാനാവിഷ്കൃത ഫണ്ടുകൾ (PYKKA)* | 74903 | 1301 | 76204 | 76204 | 0 |
| UBI കുഴൽമന്ദം | 22361 | - | 22361 | 22361 | 0 |
| സ്ഥാനാവിഷ്കൃത ഫണ്ടുകൾ (സാക്ഷരത)* | 1298 | 13 | 1311 | 1311 | 0 |
| പ്ലാൻ | 564826 | 0 * | 584856 | 0 | 584856 |
| പാലിയേറ്റീവ് കെയർ | 156665 | 208930 | 365595 | 243054 | 122541 |
| ബാങ്ക് അക്കൗണ്ട്-മിസലേനിയസ് (53312) | 2125608 | 117524 | 2243132 | 28742 | 2214390 |
| ബാങ്ക് അക്കൗണ്ട്-മിസലേനിയസ് (16222) | 5717795 | 1323487 | 7041282 | 1135713 | 5905569 |
| ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ്) | 464609 | 4012000 | 4476609 | 2448831 | 2027778 |

* അക്കൗണ്ട് ക്ലോസ് ചെയ്ത് ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചു.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 114010333 | 102 | 77527274 | - | 31 | 77 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 10057440 | 9757440 | 97 |
| ക്ഷീരവികസന ഓഫീസർ | 1 | 1 | 3400000 | 1850000 | 54 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 600000 | 600000 | 100 |
| പട്ടികജാതി വികസന ഓഫീസർ | 6 | 6 | 7457000 | 6406802 | 86 |
| സെക്രട്ടറി | 18 | 14 | 29185016 | 24074708 | 82 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 87 | 65 | 55386978 | 27970153 | 50 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 6 | 6 | 2975950 | 2360792 | 79 |
| ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | 10 | 9 | 4947949 | 4507379 | 91 |
| ആകെ | 133 | 102 | 114010333 | 77527274 | 68 |

# 1-6 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാണ്. ലഭിക്കുന്ന തപാലുകൾ സമയബന്ധിതമായി സെക്ഷനുകളിൽ

ഏല്പിക്കുകയും അവ തീർപ്പുകല്പിക്കുകയും ചെയ്യുന്നുണ്ട്. വിവിധ വർക്കിങ് ഗ്രൂപ്പുകളിലും സ്റ്റാന്റിങ് കമ്മിറ്റികളിലും പദ്ധതി നിർദ്ദേശങ്ങൾ ശുപാർശ ചെയ്തതായി കാണുന്നുണ്ട്.

സെക്രട്ടറിയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ പരിപാലനത്തെ സംബന്ധിക്കുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. 500000 രൂപയ്ക്കുമുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെന്റർ നിർബന്ധമാണെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി കാര്യക്ഷമമാക്കാൻ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിൽ പദ്ധതി മാർഗ്ഗ രേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കാനുള്ള ഔദ്യോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 21.06.2019 മുതൽ 26.6.2019 വരെ 01.07.2019 മുതൽ 10.07.2019 വരെ | 2018-19 | 21.08.19 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.08.2019 മുതൽ 17.09.2019 വരെ | 2014-15 മുതൽ 2018-19 വരെ | 05.10.2019 | ഇല്ല |

# 1-8 വാർഷികകണക്കുകളിലെ

# അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയ അപാകതകൾ നിലനിൽക്കുന്നു.

# 1-9 വനിതാ ഗാർമെന്റ്സ് യൂണിറ്റ് തുടങ്ങുന്നതിന് വായ്പാബന്ധിത സബ്സിഡി നൽകൽ-തുടർ മോണിറ്ററിംഗ് നടത്തേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | 138/18-19 കുടുംബശ്രീ ജെ എൽ ജി സ്വയംസഹായകസംഘങ്ങൽക്ക് വനിതാ ഗാർമെന്റ്സ് യൂണിറ്റ് തുടങ്ങുന്നതിന് വായ്പാബന്ധിത സബ്സിഡി നൽകൽ |
| അടങ്കൽ | 600000 വികസന ഫണ്ട് |
| ചെലവ് | 600000 |
| നിർവ്വഹണം | വ്യവസായ വികസന ഓഫീസർ |
| ബിൽ നം | 01/18-19.തീ 11.03.2019-600000 രൂപ |

ബ്ലോക്ക് പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുകളിൽ അർഹമായ കുടുംബശ്രീ ജെ എൽ ജി സ്വയംസഹായക സംഘങ്ങൾക്ക് വനിതാ ഗാർമെന്റ്സ് യൂണിറ്റ് തുടങ്ങുന്നതിന് വായ്പാബന്ധിത സബ്സിഡി നൽകി തൊഴിൽ നൽകുന്നതിനും വരുമാന വർദ്ധനവും ലക്ഷ്യമിട്ടാണ് പ്രൊജക്ട് രൂപീകരിച്ചിരിക്കുന്നത്

കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ അനശ്വര , പൂത്തുമ്പ എന്നീ സ്വയംസഹായക സംഘങ്ങൾക്ക് വനിതാ ഗാർമെന്റ്സ് യൂണിറ്റ് തുടങ്ങുന്നതിന് കേരള ഗ്രാമീൺ ബാങ്ക് കുഴൽമന്ദം ശാഖ 450000 രൂപ വായ്പ അനുവദിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 03.09.2018 ലെ 2 -ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത ഗ്രൂപ്പുകൾക്ക് വനിതാ ഗാർമെന്റ്സ് യൂണിറ്റ് തുടങ്ങുന്നതിന് വായ്പാബന്ധിത സബ്സിഡി നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ബിൽ നമ്പർ 01/18-19 തീ 11.03.2019- പ്രകാരം കേരള ഗ്രാമീൺ ബാങ്കിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 402941013050114) യൂണിറ്റുകൾക്കുള്ള വായ്പാ ബന്ധിത സബ്സിഡിയായി 600000 രൂപ നൽകിയിട്ടുണ്ട് (300000*2) എന്നാൽ യൂണിറ്റുകൾക്ക് അനുവദിച്ച വായ്പാ തുക എത്രയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ

സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.4 (4) പ്രകാരം കുറഞ്ഞത് 5 പേരടങ്ങുന്ന വനിതാ യൂണിറ്റുകൾക്ക് സംരഭം തുടങ്ങുന്നതിന് സബ്സിഡിയായി 85% തുക (പരമാവധി 300000 രൂപ) അനുവദിക്കാവുന്നതാണ്എന്ന് വ്യക്തമാക്കിയിട്ടുണ്ട്. യൂണിറ്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിൽ രണ്ട് പാർട്ടികളും ഒപ്പ് വെച്ചിട്ടില്ല.ഗുണഭോക്തൃ സംഘങ്ങൾക്ക് ബാങ്കിൽ നിന്നും ലഭിച്ച തുകയുടെ വിവരവും ഈ തുക ഉപയോഗിച്ച് സംഘങ്ങൾ വാങ്ങിയ മെഷിനറികളുടെ വിവരങ്ങളും അവയുടെ ബില്ലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 26.12.2019 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കുഴൽമന്ദം വ്യവസായ പാർക്കിലെ ബിൽഡിംഗിൽ രണ്ടാം നിലയിൽ രണ്ട് യൂണിറ്റുകളും സംയുക്തമായി പ്രവർത്തിക്കുന്നുണ്ടെന്ന് ബോധ്യമായി യൂണിറ്റുകളുടെ ബോർഡ് വെച്ചിട്ടില്ല. രേഖകളുടെ സൂക്ഷിപ്പിലുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/27.12.2019) വനിതാ ഗാർമെന്റ്സ് യൂണിറ്റ് തുടങ്ങുന്നതിന് 400000 രൂപ ചെലവ് വരുന്ന പ്രൊജക്ട് റിപ്പോർട്ട് ബാങ്ക് അംഗീകരിക്കുകയും 360000 രൂപ ബാങ്ക് വായ്പയും 40000 രൂപ ഓരോ യൂണിറ്റുകളുടെയും സ്വയം മുടക്കുമുതലുമാണ്. 181000 രൂപയുടെ യന്ത്ര സാധന സാമഗ്രികൾ ഓരോ യൂണിറ്റും വാങ്ങിയിട്ടുണ്ട് ആയതിന്റെ ബില്ലുകൾ ബാങ്കിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും കരാർപത്രം ഒപ്പുവെച്ച് പകർപ്പ് ഹാജരാക്കുന്നതാണെന്നും യൂണിറ്റുകളുടെ ബോർഡ് വെക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

വായ്പാ തിരിച്ചടവ് സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-10 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങിനൽകൽ- നടപടിക്രമങ്ങൾ പാലിച്ചില്ല

| | | |
|---|---|---|
| നിർവ്വഹണം | ശിശുവികസന പദ്ധതി ഓഫീസർ | |
| പ്രൊജക്ട് | 17/18-19 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങിനൽകൽ(ജനറൽ) | 18/18-19ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങിനൽകൽ (എസ് സി പി) |
| അടങ്കൽ | 817506 വികസന ഫണ്ട് | 800000 വികസന ഫണ്ട് (എസ് സി പി) |
| ബിൽ നം/ ചെലവ് തുക | 15/18-19 തീ 31.1.19 -817506 | 14/18-19 തീ 30.1.19 -800000 |

ബ്ലോക്ക് പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകളിലും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മെഡിക്കൽ ക്യാമ്പ് നടത്തി അവരുടെ ആവശ്യകതയനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പദ്ധതി തുക വകയിരുത്തിയത്. 22.11.18 ലെ 677/18 നം കത്ത് പ്രകാരം 7 ഗ്രാമപഞ്ചായത്തുകളിലും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളുടെയും ഉപകരണങ്ങളുടെയും ലിസ്റ്റ് നൽകുന്നതിന് ആവശ്യപ്പെടുകയും 02.11.18, 03.11.18, 07.11.18 എന്നീ തിയതികളിൽ ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം മെഡിക്കൽ ക്യാമ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ നൽകിയ ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ KSIE പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് (ടെണ്ടർ നടപടിക്രമങ്ങളില്ലാതെ) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

മുൻവർഷം ഉപകരണങ്ങൾ നൽകിയവർക്ക് തന്നെ വീണ്ടും നൽകാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കണം എന്ന് പദ്ധതി മാർഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. സ.ഉ. (എം.എസ്) 13/2015/ITD/ തീ. 12.5.2015 പ്രകാരം 5 ലക്ഷത്തിനു മുകളിലുള്ള ടെൻഡറുകൾക്ക് ഇ-പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്.

പദ്ധതി മാർഗരേഖ (സ.ഉ. (കൈ) 22/18/തസ്വഭവ/ 14.2.18 ഖണ്ഡിക 7.1.4 (3) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾ മാത്രമാണ് നേരിട്ട് വാങ്ങാവുന്നത്. അല്ലാത്തപക്ഷം കെൽട്രോണിൽനിന്നോ, വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നോ വാങ്ങുന്നതിനാണ് അനുമതിയുള്ളത്. KSIE 24.10.2018 ന് നൽകിയ കത്തിൽ ഉപകരണങ്ങളുടെ സപ്ലയർ ആണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജി ഓ (പി) നം 29/2018/ഫിൻ തീ 28.02.2018 ലെ ഉത്തരവ് പ്രകാരം KSIE general civil construction workകളുടെ അക്രഡിറ്റഡ് ഏജൻസിയായാണ് അംഗീകാരം നൽകിയിട്ടുള്ളത്. ആയതിനാൽ KSIE ഭിന്നശേഷിയുള്ളവർക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത ഏജൻസി അല്ല. പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ KSIE യിൽ നിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 07/24.12.2019) മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിക്കാത്തവരെ മാത്രമാണ് ക്യാമ്പിൽ

പങ്കെടുപ്പിച്ചതെന്നും 31.12.2018 നകം പദ്ധതി പൂർത്തിയാക്കണമെന്ന ഭരണസമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഇ-ടെണ്ടർ നടപടികളെകുറിച്ച് പ്രായോഗിക പരിജ്ഞാനം ഇല്ലാത്തത് മൂലവും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അംഗീകാരത്തിന് വിധേയമായുമാണ് KSIE യിൽ നിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഭാവിയിൽ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുമാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

# 1-11 പ്രീ മെട്രിക്ക് ഹോസ്റ്റലിലേക്ക് ഫർണ്ണീച്ചറും പാത്രങ്ങളും ടെണ്ടർ ക്ഷണിക്കാതെ വാങ്ങി

| | |
|---|---|
| പ്രൊജക്ട് | 77/18-19 പ്രീ മെട്രിക്ക് ഹോസ്റ്റലിലേക്ക് ഫർണ്ണീച്ചറും പാത്രങ്ങളും വാങ്ങൽ |
| അടങ്കൽ | 167000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് | 166952 |
| ബിൽ നം തുക | 1) 11/18-19 തീ 15.12.18 -148295<br>2) 17/18-19 തീ 18.01.19 -18657<br>ആകെ-166952 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

കോട്ടായി ഗവ. പ്രീ മെട്രിക്ക് ഹോസ്റ്റലിലേക്ക്ആവശ്യമായ ഫർണ്ണീച്ചറും പാത്രങ്ങളും വാങ്ങുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

പ്രീ മെട്രിക്ക് ഹോസ്റ്റലിലേക്ക് ആവശ്യമായ ഫർണ്ണീച്ചറും പാത്രങ്ങളും വാങ്ങുന്നതിനായി പാലക്കാട് ജില്ലാ ഹോൾസെയിൽ കൺസ്യൂമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 148295 രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് ലഭിക്കുകയും

ആയതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 27.09.2018 ലെ 3-ാം നമ്പർ തീരുമാന പ്രകാരം സപ്ലൈ ഓർഡർ നൽകുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്. 18.09.2018 ലെ കെ ബി പി/ എസ്/0077/19 തീ 18.09.2018 പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ടി സ്ഥാപനത്തിൽനിന്ന് സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളിൽ.സ.ഉ.(പി).നം.259/2010/ത.സ്വ.ഭ.വ.തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ അധ്യായം 3 എ.4 ൽ (വിവിധ തരം വാങ്ങൽ രീതികൾ) 100000 രൂപയിൽകൂടുതൽ മതിപ്പുവിലയുള്ള എല്ലാ വാങ്ങലുകൾക്കും ഓപ്പൺ ടെണ്ടർ ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ പാലിക്കാതെ നേരിട്ട് വാങ്ങിയതുമൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നതിനുള്ള സാധ്യത ഇല്ലാതാവുകയും മറ്റു ടെണ്ടർമാരുടെ അവസരം നഷ്ടപ്പെടുകയും ചെയ്തു.

പദ്ധതി മാർഗരേഖ (സ.ഉ. (കൈ) 22/18/തസ്വഭവ/ 14.2.18 ഖണ്ഡിക 7.1.4 (3) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾ മാത്രമാണ് നേരിട്ട് വാങ്ങാവുന്നത്. അല്ലാത്തപക്ഷം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് വാങ്ങലുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 9/26.12.2019) സ.ഉ.(എം എസ്) നം 190/09/സഹ തീ 16.11.2009 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടികൂടാതെ ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളതിനാലാണ് പാലക്കാട് ജില്ലാ ഹോൾസെയിൽ കൺസ്യൂമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും നേരിട്ട് സാധനങ്ങൾ വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിത്യോപയോഗ സാധനങ്ങൾ ടെണ്ടർ നടപടികൂടാതെ ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളിൽ നിന്ന് വാങ്ങുന്നതിന് ആണ് അനുമതി നൽകിയിട്ടുള്ളത് .ഓഫീസ് ചെയറുകൾ, പാത്രങ്ങൾ മുതലായവ ഈ ഗണത്തിൽ വരുന്നതല്ല.

ഭാവിയിൽ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുമാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

# 1-12 പശുവളർത്തലിന് വായ്പാബന്ധിത സബ്സിഡി നൽകൽ - മാർഗരേഖക്ക് വിരുദ്ധം

| | |
|---|---|
| പ്രൊജക്റ്റ് നം | 69/19 |
| അടങ്കൽ | വികസനഫണ്ട് -600000 |
| നിർവ്വഹണം | ക്ഷീര വികസന ഓഫീസർ |
| ചെലവ് | 450000 |
| ബിൽ നം | 1) 9/18-19 തീ.08.03.19 തുക 300000<br>2) 10/18-19 തീ.08.03.19 തുക 150000 |

കുഴൽമന്ദം ബ്ലോക്കിനു കീഴിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമസഭ മുഖാന്തിരം തെരഞ്ഞെടുക്കപ്പെടുന്നതും കുറഞ്ഞത് 6 മാസം കഴിഞ്ഞതും ഗ്രേഡിംഗ് കഴിഞ്ഞതുമായ സ്വയം സഹായക സംഘം/കുടുംബശ്രീ ജെ എൽ ജി ഗ്രൂപ്പുകൾക്ക് പശുവളർത്തലിന് വായ്പാബന്ധിത സബ്സിഡി ലഭ്യമാക്കി കുടുംബ വരുമാനം വർദ്ധിപ്പിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രൊജക്റ്റ് ആണ് ഇത്. സബ്സിഡി മാർഗ്ഗ രേഖ, പദ്ധതി മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ പദ്ധതി നടപ്പിലാക്കിയത് എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.1 പ്രകാരം കറവയുള്ള പശു വാങ്ങുന്നതിന് പൊതുവിഭാഗത്തിന് അനുവദിക്കാവുന്ന സബ്സിഡി 50% (പരമാവധി 27500 രൂപ) ആണ്.ആയത് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളൂ.പ്രസ്തുത മാർഗരേഖയിലെ ഉപഖണ്ഡിക 2.2, 2.3 എന്നിവ പ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത പ്രൊജക്റ്റുകൾക്ക് ധനസഹായം ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നത് പൊതു ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കപ്പെടും എന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രൊജക്റ്റിന് ഡി പി സി അംഗീകാരം നിരസിച്ചതിനാൽ 14.09.2018 ലെ ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയാണ് അംഗീകാരം നൽകിയിട്ടുള്ളത്.

കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ വന്ദന ,തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ചാന്ദിനി,സുനന്ദിനി എന്നീ പശുവളർത്തൽ യൂണിറ്റുകൾക്ക് വായ്പാ ബന്ധിത സബ്സിഡി നൽകുന്നതിന് യൂണിയൻ ബാങ്ക് കുഴൽമന്ദം ,കനറാ ബാങ്ക് തേങ്കുറിശ്ശി എന്നിവയുടെ അക്കൗണ്ടിലേക്ക് 450000 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഇത്തരം പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതല്ല.

2. മാർഗ്ഗരേഖ ഖണ്ഡിക6.2.20 പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾ പ്രവാസികൾക്കുമാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

3) പശുവളർത്തൽ യൂണിറ്റുകൾ ഗ്രാമപഞ്ചായത്തിൽ അഫിലിയേഷൻ നടത്തിയിരിക്കുന്നത് 02/2019 ൽ മാത്രമാണ്.(സുനന്ദിനി-രസീതി നം 48/16.02.2019 100 രൂപ ,ചാന്ദിനി 49/16.02.19 100 രൂപ- തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത്,വന്ദന 2401/14.02.19 200 രൂപ)

4) സംഘങ്ങളുടെ ഗ്രേഡിംഗ് നടത്തിയിട്ടില്ല.

5) കടത്തുകൂലി, ഇൻഷൂറൻസ് എന്നിവ പ്രൊജക്ടിന്റെ ഭാഗമാക്കാൻ പാടില്ല എന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല.

6) പശുവിന്റെ വില ജില്ലാ തല ഓഫീസർ നിശ്ചയിച്ചതായി കാണുന്നില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മാർഗ്ഗരേഖ പ്രകാരം ഇത്തരം പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതല്ലെങ്കിലും നിർധനരായ വനിതാ ക്ഷീര കർഷകർക്ക് പദ്ധതി ആനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി അപ്പലേറ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കിയതെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി വഴി ബ്ലോക്കിലെ പ്രതിദിന പാലുല്പാദനം ശരാശരി 160 ലിറ്ററോളം വർദ്ധിച്ചിട്ടുണ്ടെന്നും പ്രസ്തുത ഗ്രൂപ്പുകൾ തേങ്കുറുശ്ശി പഞ്ചായത്തിലെ സ്റ്റാർ, പത്മശ്രീ എന്നീ കുടുംബശ്രീ യുണിറ്റിൽ പെട്ടതാണെന്നും ആയവയുടെ ഗ്രേഡിംഗ്, ഓഡിറ്റിംഗ് എന്നിവ പൂർത്തിയായാതാണെന്നും ക്ഷീരവികസന വകുപ്പിന്റെ 2018-19 വർഷത്തെ പദ്ധതികൾ പ്രകാരം പശുവിന്റെ അടിസ്ഥാന വില 55000 രൂപയാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

ഭാവിയിൽ സബ്സിഡി മാർഗ്ഗ രേഖ, പദ്ധതി മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പ്രൊജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 500000 രൂപയിൽ കുറവ് അടങ്കൽ

# ഉള്ള പ്രൊജക്ടുകൾ നടപ്പിലാക്കിയത്-പദ്ധതി മാർഗരേഖക്ക് വിരുദ്ധം

സർക്കാർ ഉത്തരവ് (കൈ) 11/18 ത.സ്വ.ഭ.വ 29.1.2018 ഖണ്ഡിക 3.5.6 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഘടക സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, വാങ്ങൽ പ്രവൃത്തികൾ എന്നിവ ഒഴികെ 500000 രൂപക്ക് മുകളിൽ അടങ്കൽ തുകയുള്ള പ്രൊജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളൂ എന്നിരിക്കെ ടി ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന പ്രൊജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്.

| | | |
|---|---|---|
| നിർവ്വഹണം | ശിശു വികസന പദ്ധതി ഓഫീസർ | |
| പ്രൊജക്ട് | 72/18-19 പെൺകുട്ടികളുടെ സമഗ്ര വികസനം | 19/18-19ഭിന്നശേഷിക്കാരുടെസമഗ്ര വികസനം |
| അടങ്കൽ | 84000 വികസന ഫണ്ട് | 150000 വികസന ഫണ്ട് |
| ചെലവ് | 82420 | 117720 |
| ബിൽ നം തുക | 1)8/18-19.തീ 29.12-44920<br>2)12/18-19 തീ.29.01.19-37500<br>ആകെ 82420 | 1) 2/18-19 തീ14.11.18-44920<br>2) 4/18-19 തീ.13.12.18-37500<br>3) 13/18-19 തീ.30.1.19-52000<br>ആകെ 117720 |

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 08/24.12.2019) ബ്ലോക്ക് പരിധിയിലെ അങ്കണവാടികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കുമാരീ സംഘങ്ങൾ, സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനാവലോകനം ബ്ലോക്ക് തല ശിശുസംരക്ഷണ സമിതിയുടെ നിരീക്ഷണം എന്നിവയിലൂടെ പെൺകുട്ടികൾക്ക് യോഗ കരാട്ടെ തുടങ്ങിയ പരിശീലനം അത്യാവശ്യമാണെന്ന് ഭരണസമിതിക്കും വർക്കിംഗ് ഗ്രൂപ്പിനു ബോധ്യപ്പെട്ടതിനാലും വരും വർഷങ്ങളിൽ താഴെതട്ടിൽ ഇവയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കുന്നതിന് പ്രചോദനം ഉണ്ടാവുന്നതിനു വേണ്ടിയാണെന്നും, കുട്ടികളിൽ ഉണ്ടാകുന്ന വൈകല്യങ്ങൾ നേരത്തെ കണ്ടുപിടിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കി വൈകല്യത്തിന്റെ തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് 500000 രൂപയിൽ താഴെയായിട്ടും പ്രസ്തുത പ്രൊജക്ടുകൾ ഏറ്റെടുത്തെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഭാവിയിൽ സബ്സിഡി മാർഗ്ഗ രേഖ, പദ്ധതി മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പ്രൊജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-14 സായംസന്ധ്യ- വയോജനങ്ങളുടെ സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി (എസ് സി) - ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം | 148/19 |
| അടങ്കൽ | വികസനഫണ്ട് -416810 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ സി എച്ച് സി കുഴൽമന്ദം |
| ചെലവ് | 113665 |
| ബിൽ നം | 1) 29/18-19 തീ.18.01.19 തുക 11000<br>2) 35/18-19 തീ.14.02.19 തുക 68690<br>3) 36/18-19 തീ.14.02.19 തുക 33975<br>ആകെ 113665 |

സബ്സിഡി മാർഗ്ഗ രേഖ,പദ്ധതി മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ പദ്ധതി നടപ്പിലാക്കിയത് എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു. പ്രിന്റിംഗ്, സ്റ്റേഷനറി, വളണ്ടിയർമാരുടെ പരിശോധന, സർവ്വെ എന്നിവ ഒന്നാം ഘട്ടമായും പഞ്ചായത്ത് തലത്തിലുള്ള ലാബ് പരിശോധനയും സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് രണ്ടാം ഘട്ടമായും നടത്തി പട്ടികജാതിയിൽപെട്ട വയോജനങ്ങളുടെ സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് ഈ പ്രൊജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പരിശീലനം ,പ്രചാരണം സർവ്വെ എന്നീ പ്രവർത്തനങ്ങൾമാത്രമാണ് നടത്തിയിട്ടുള്ളത് വിവിധ ഘട്ടങ്ങൾ ആസൂത്രണം ചെയ്തുവെങ്കിലും ഏക വർഷ പ്രൊജക്ട് ആയി നടപ്പിലാക്കി. ഗ്രാമ പഞ്ചായത്തു പരിധിയിലുള്ള പട്ടിക ജാതി വിഭാഗക്കാരുടെ അടിസ്ഥാന വിവരങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുമെന്നിരിക്കെ ആയതിന് സർവ്വെ നടത്തുന്നതിന് പദ്ധതി ഫണ്ട് ചെലവഴിച്ചത് ശരിയായ നടപടിയല്ല.

സർക്കാർ ഉത്തരവ് (കൈ) 11/18 ത.സ്വ.ഭ.വ 29.1.2018 ഖണ്ഡിക 3.5.6 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ 500000 രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള പ്രൊജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളൂ എന്നിരിക്കെ ടി ഉത്തരവിനു വിരുദ്ധമായി പ്രൊജക്ട് നിർവഹണം നടത്തി.

ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/23.12.2019 ) പ്രിന്റിംഗ്, സ്റ്റേഷനറി, വളണ്ടിയർമാരുടെ പരിശോധന എന്നിവ ഒന്നാം ഘട്ടമായും, ഗ്രാമപഞ്ചായത്തുകളിലെ പട്ടിക ജാതി വിഭാഗത്തിൽപെട്ട വയോജനങ്ങളുടെ ആരോഗ്യപരിശോധനാ ക്യാമ്പുകൾ രണ്ടാം ഘട്ടമായും നടത്തുകയും ചെയ്തു. തുടർ പരിശോധനയും മെഗാ ക്യാമ്പും നിശ്ചയിച്ചിരുന്നുവെങ്കിലും ബ്ലോക്കിന് അനുവദിച്ച പദ്ധതി വിഹിതം തീർന്നതിനാൽ മറ്റു പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞില്ല. 2019-20 വർഷത്തിൽ മേൽ പ്രൊജക്ടിന്റെ തുടർച്ചയായി അതിജീവനം എന്ന പേരിൽ (പ്രൊജക്റ്റ് നം .73/19-20 അടങ്കൽ 2810000) പ്രൊജക്റ്റ് നടപ്പിലാക്കി വരുന്നുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് | 14/18-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 4200000 വികസന ഫണ്ട്-എസ് സി പി |
| ചെലവ് | 3200000 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

ബ്ലോക്ക് പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകളിലെ ഡിഗ്രി,പി ജി പഠനം നടത്തുന്ന നിലവിൽ 800ച.ശ്രു അടിയിൽ കൂടുതൽ വീടിന്റെ വിസ്തീർണ്ണം ഇല്ലാത്തതുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് 200000 രൂപ ചെലവഴിച്ച് 100 ച.ശ്രു അടി വിസ്തീർണ്ണം ഉള്ള പഠനമുറി നിർമ്മിക്കുകയും പഠന നിലവാരം ഉയർത്തുകയുമാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ 21.12.2018 ലെ 2(4) നം തീരുമാന പ്രകാരം തുക 50000, 100000, 50000 എന്നിങ്ങനെ പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് 3 ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതുപ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ബാങ്ക് അക്കൗണ്ട് നം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ഷിജി d/o രാജൻ കുന്നകാട് മഞ്ഞാടി നൊച്ചുള്ളി കുഴൽമന്ദം | 67242283133 | 50000 ( പ്രൊജക്റ്റ് നം 11/17-18 @100000 രൂപ) |
| 2 | സിനി എം ബി d/o ബാലൻ മോഴത്താണി വീട് കുത്തനൂർ | 4305001500002466 | 150000 |
| 3 | രമ്യ എം d/o മണികണ്ഠൻ ലക്ഷം വീട് പള്ളിമൊക്ക് കുത്തനൂർ | 4305001500002208 | 150000 |
| 4 | ഹരിത എം d/o മുത്തു മഞ്ഞക്കാലായ് പറമ്പ് കോതമംഗലം കുത്തനൂർ | 4305001500002448 | 150000 |
| 5 | ലാവണ്യ ആർ d/o രാജൻ പനയംചിറ തേങ്കുർശ്ശി | 0745101047581 | 150000 |
| 6 | രമിത എം d/o മോഹനൻ പട്ടിമാർത്തറ തേങ്കുർശ്ശി | 67199503351 | 150000 |
| 7 | അഞ്ജുമേൾ എം d/o മുത്തു വാടപറമ്പ് വീട് കണ്ണാടി | 67260549171 | 50000 |
| 8 | വിൻസി പികെ d/o പൊൻമല ചെല്ലിക്കാട് വീട് കണ്ണാടി | 67210945276 | 50000 |
| 9 | മിനിമോൾ സി d/o ചന്ദ്രൻ മുതുക്കാട് കിണാശ്ശേരി കണ്ണാടി | 35181273415 | 150000 |

ഗുണഭോക്താക്കൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/27.12.2019) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ എസ് സി പ്രൊമോട്ടർമാർ മുഖേനെ നൽകിയിട്ടുണ്ടെന്നും ഇനി 4 ഗുണഭോക്താക്കൾ മാത്രമാണ് പ്രവൃത്തി പൂർത്തീകരിക്കാനുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം നൽകിയ തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

# 1-16 ഐ.എ.വൈ/ലൈഫ്, പി.എം.എ.വൈ പദ്ധതികൾ- ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

ഐ.എ.വൈ/ലൈഫ്, പി.എം.എ.വൈ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം ആരംഭിച്ചതിൽ നാളിതുവരെയും പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി {IAY(LIFE)/ PMAY} | വർഷം | കരാർ ചമച്ച ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| IAY | 2011-12 | 317 | 313 | 4 |
| IAY | 2012-13 | 385 | 381 | 4 |
| IAY | 2013-14 | 286 | 283 | 3 |
| IAY | 2014-15 | 427 | 421 | 6 |
| IAY | 2015-16 | 413 | 409 | 4 |
| PMAY (GL) | 2016-17 | 143 | 136 | 7 |
| PMAY (GL) | 2017-18 | 28 | 28 | 0 |
| | | 1999 | 1971 | 28 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 17/28.12.2019). തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

<u>വാഹനം</u>

**1.Mahindra Jeep- (രജിസ്ട്രേഷൻ നം.- KL-9M/7175)**

**2.Mahindra Xylo- (രജിസ്ട്രേഷൻ നം.- KL-49B/8181)**

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്

  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്

  3. റിപ്പയർ രജിസ്റ്റർ

  4. ഫ്യുവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ 2018-19 ൽ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. സെക്രട്ടറി ഉപയോഗിക്കുന്ന വാഹനത്തിന്റെ **(രജിസ്ട്രേഷൻ നം.- KL-9M/7175)** ഫ്യൂൽ രജിസ്റ്റർ സൂക്ഷിക്കുന്നത് ഭാഗികമായിട്ടാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉപയോഗിക്കുന്ന വാഹനത്തിന് **(രജിസ്ട്രേഷൻ നം.- KL-49B/8181)** ലോഗ് ബുക്ക് ബുക്ക് ഒഴികെ മറ്റു രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല. ഓരോ വാഹനത്തിന്റെയും മെയിന്റിനൻസ്, ഇന്ധനച്ചെലവ് എന്നിവ വേർതിരിച്ച് സൂക്ഷിക്കുന്നില്ല. ആകയാൽ ഓരോ വാഹനത്തിന്റെയും പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള

വാഹന പരിപാലന ചെലവ് രജിസ്റ്ററുകൾ സൂക്ഷിച്ച് സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ചെലവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

- ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. **കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.** എന്നാൽ മേൽ വ്യവസ്ഥയും ബ്ലോക്ക് പഞ്ചായത്തിൽ കൃത്യമായി പാലിക്കപ്പെടുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/23-12-2019) ഓരോ അർദ്ധ വർഷത്തിലും ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതാണ് എന്നും, രജിസ്റ്ററുകൾ മുഴുവനായും കൃത്യമായി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

# 1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ ചെലവിന്റെ **വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന്** പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം./ ചെക്ക് നം.& തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 10/19, മാത്തൂർ ഗ്രാമ പഞ്ചായത്തിൽ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ- ജില്ലാപഞ്ചായത്തിന് തുക കൈമാറൽ | 3100800 | 3100800 | 8/17.07.2018 (Plan Fund- GL) | ജില്ലാ പഞ്ചായത്ത് സെക്രട്ടറി, പാലക്കാട് |
| 2 | 130/19, കൊടക്കാട് അംഗൻവാടിക്ക് | 41040 | 41040 | 15/09.08.2018 (Plan Fund- | അസിസ്റ്റന്റ് എഞ്ചിനീയർ, |

| | | | | | |
|---|---|---|---|---|---|
| | മുകളിലൂടെ പോകുന്ന വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി ക്ക് തുക കൈമാറൽ | | | SCP) | കെ.എസ്.ഇ.ബി, കുഴൽമന്ദം സെക്ഷൻ |
| 3 | 70/19, ആറാംകോട് കോളനി, ചക്കംപുറം, മണ്ണിൽകുളം, കോട്ടക്കുന്ന് കോളനി, തെക്കേമഠം കോളനി എന്നീ ഭാഗത്തേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ (പെരിങ്ങോട്ടുകുറുശ്ശി ഗ്രാമ പഞ്ചായത്ത്) | 1500000 | 1500000 | 900000 (21/03.09.2018, 600000 31/16.11.18) (Plan Fund- SCP) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പാലക്കാട് |
| 4 | 76/19, ആറാംകോട് ഭാഗത്തേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 500000 | 500000 | 20/03.09.2018 (Plan Fund- GL) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പാലക്കാട് |
| 5 | 01/19, ലൈഫ് മിഷൻ പദ്ധതി വിഹിതം- 2018-19 (ജനറൽ) | 8496183 | 8496000 | 11/31.07.18- 2672000, 26/05.10.2108- 672000, 54/07.02.19- 418000 | ഈ പ്രോജക്റ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നേരിട്ടും, ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതവും നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകകളാണ് ഇവിടെ ചേർത്തിരിക്കുന്നത് |
| 6 | 02/19, ലൈഫ് മിഷൻ പദ്ധതി വിഹിതം- 2018-19 (എസ്.സി.പി) | 8930840 | 8930823 | 12/31.07.18- 1968840, 27/05.10.2108- 672000, | ഈ പ്രോജക്റ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നേരിട്ടും, ബ്ലോക്ക് പഞ്ചായത്തിന്റെ |

| | | | | | |
|---|---|---|---|---|---|
| | | | | 53/07.02.19-1017000 | കീഴിലുള്ള ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതവും നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകകളാണ് ഇവിടെ ചേർത്തിരിക്കുന്നത് |

മേൽ പറഞ്ഞ പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.6/24-12-2019)

# 1-19 ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനത്തിന് വേണ്ടി തുക ചെലവഴിച്ചു- ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

പ്രോജക്റ്റ് നമ്പരും, പേരും- 67/19, മാത്തൂർ ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലേക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ജില്ലാ പട്ടിക വർഗ്ഗ ഓഫീസർക്ക് തുക കൈമാറൽ

അടങ്കൽ- 115000

ചെലവ് - 115000 {ബിൽ നം.& തിയതി- 48/21.01.2019 (Plan Fund- TSP)}

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 115000 രൂപ പാലക്കാട് ജില്ലാ പട്ടിക വർഗ്ഗ ഓഫീസർക്ക് (Treasury Account No. 714011400000192) കൈമാറിയിട്ടുണ്ട്. തുക കൈമാറിയത് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനത്തിനാണ് (പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടത്തുന്ന മാത്തൂർ ഗ്രാമ പഞ്ചായത്തിലെ പ്രീമെട്രിക് ഹോസ്റ്റൽ).

തുക കൈമാറിയത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും (ഓഡിറ്റ് അന്വേഷണം നം.06/24-12-2019) വിവരങ്ങൾ ആരാഞ്ഞതിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരമാണ് തുക ചെലവഴിച്ചത് എന്നമറുപടിയാണ് ലഭ്യമായത്.

പട്ടിക വർഗ്ഗ വകുപ്പ് നേരിട്ട് നടത്തുന്ന, ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനത്തിന് തുക കൈമാറിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതുവരെ ചെലവു തുക (115000 രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

# 1-20 വനിത ലേബർ ഗ്രൂപ്പിന് ഉപകരണങ്ങൾ വാങ്ങൽ- യൂണിറ്റ് പ്രവർത്തിക്കുന്നില്ല

പ്രോജക്റ്റ് നം.82/19

വനിത ലേബർ ഗ്രൂപ്പ് (മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്) ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ)

അടങ്കൽ- 750000 (Plan fund- General)

ചെലവ്- 535142 (ബിൽ നം.25/26-09-18- ₹510783, 37/17-12-18- ₹13715, 44/07-01-19- ₹10644)

പി.എം.എം,വൈ, ലൈഫ് പദ്ധതി വീടുകൾക്കുള്ള സോളിഡ് ബ്രിക്ക്, ജനൽ, വാതിൽ ഫ്രെയിമുകൾ, കമ്പോസ്റ്റ് കുഴിക്കാനുള്ള റിംഗുകൾ എന്നിവ ഉണ്ടാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി എം.എൻ.ആർ.ഇ.ജി.എസ് വനിത ലേബർ ഗ്രൂപ്പിന് വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യം വെച്ചത്. എന്നാൽ ലേബർ ഗ്രൂപ്പ് രൂപീകരിച്ചതിന്റെ രേഖകളും, ഉപകരണങ്ങൾ കൈമാറിയതിന്റെയും, ഉപകരണങ്ങൾ വിതരണം ചെയ്യുമ്പോൾ വനിത ലേബർ ഗ്രൂപ്പുമായി കരാർ ചമച്ചതിന്റേയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച് 26.12.2019ന് പ്രാദേശിക പരിശോധന നടത്തിയതിൽ ഇൻവോയിസ് പ്രകാരം വാങ്ങിച്ച ജനൽ ഫ്രയിം, വാതിൽ ഫ്രെയിം, വെന്റിലേറ്റർ ഫ്രെയിം എന്നിവയുടെ മോൾഡുകൾ ഷെഡ്ഡിൽ കാണുന്നില്ല. കൂടാതെ യൂണിറ്റ് പ്രവർത്തിക്കാത്തതിനാൽ മറ്റു ഉപകരണങ്ങൾ ഷെഡ്ഡിൽ ഉപയോഗശൂന്യമായി കിടക്കുകയാണെന്ന് ബോധ്യമായി.

കൂടാതെ ലേബർ ഗ്രൂപ്പിന്റെ ആവശ്യത്തേലേക്കായി 54589 രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച് കുഴൽ കിണർ നിർമ്മിച്ച് നൽകിയിട്ടുണ്ടെങ്കിലും ആയതിന് പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം 25000 രൂപയിൽ കൂടുതലുള്ള ചെലവുകൾക്ക് പ്രോജക്റ്റ് തയ്യാറാക്കൽ നിർബന്ധമാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ആകയാൽ ഇപ്രകാരം തുക ചെലവഴിക്കുമ്പോൾ പ്രോജക്റ്റ് ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വനിതാ ലേബർ ഗ്രൂപ്പിന് ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/26-12-2019) ഭവന നിർമ്മാണത്തിനായി ബ്രിക്കുകൾ സപ്ലൈ ചെയ്യേണ്ടതില്ല എന്ന MGNREGS മിഷൻ ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദനം മന്ദഗതിയിലായിരിക്കുകയാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ബ്രിക്ക് നിർമ്മാണം തുടർന്നും നടത്തിക്കൊണ്ടുപോകുവാൻ പ്രാപ്തരായ

ഗ്രൂപ്പിന് കണ്ടെത്തി യൂണിറ്റ് കൈമാറുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നുകൂടി അറിയിച്ചിട്ടുണ്ട്. ജനൽ ഫ്രെയിം, വാതിൽ ഫ്രെയിം, വെന്റിലേറ്റർ ഫ്രെയിം എന്നിവയുടെ മോൾഡുകൾ അടുത്തുള്ള ഗോഡൗണിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

ആകയാൽ ബ്രിക്ക് നിർമ്മാണം തുടർന്നും നടത്തിക്കൊണ്ടുപോകുവാൻ പ്രാപ്തരായ ഗ്രൂപ്പിന് കണ്ടെത്തി യൂണിറ്റ് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സ.ഉ.(കൈ)നമ്പർ 137/18/തസ്വഭവ തീയതി 24.9.2018 ലെ നിർദ്ദേശങ്ങളനുസരിച്ചുള്ള തുടർ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

# 1-21 കമ്പ്യൂട്ടർ, പ്രിന്ററർ വാങ്ങൽ- കെൽട്രോണിന് അധിക തുക നൽകിയത് തിരികെ ലഭ്യമാക്കണം

പ്രോജക്റ്റ് നം.137/19

ബ്ലോക്ക് പഞ്ചായത്തിന് കമ്പ്യൂട്ടർ, പ്രിന്റർ ഉൾപ്പെടെ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ- ₹344111 (Plan fund- General)

ചെലവ്- ₹343157 (ബിൽ നം.42/11-12-18- ₹510783, 43/07-01-19- ₹64862)

മേൽ പ്രോജക്റ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. കെൽട്രോണിൽ നിന്നും ലഭ്യമായ ഇൻവോയ്സിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | തുക (₹) | ഇൻവോയിസ് നം. & തീയതി |
|---|---|---|---|---|
| 1 | Desktop Computer | 6 | 213354 | ITBG-18-19/11151/ITP/4365, Dt.31.03.19 |
| 2 | Laptop Computer | 1 | 43197 | ITBG-19-20/649/ITP/178, Dt.25.05.19 |
| 3 | A4 Monochrome Laser Printer | 2 | 21744 | ITP-04813/19-20, Dt.19.09.19 |
| 4 | A3 Network MFP | 1 | 58906 | ITP-07659/19-20, |

| | | | | |
|---|---|---|---|---|
| | Printer | | | Dt.27.11.19 |
| | ആകെ | | 337201 | |

മേൽ പ്രോജക്റ്റ് പ്രകാരം കെൽട്രോണിൽ നിന്നും ലഭിച്ച ഇൻവോയിസിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കൂടിയ നിരക്കാണ് കെൽട്രോണിന് നൽകിയിട്ടുള്ളത് എന്ന് ഓഡിറ്റിൽ കണ്ടെത്തി. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| കെൽട്രോണിന് നൽകിയ തുക | ₹343157 |
| കെൽട്രോണിൽ നിന്നും ലഭ്യമായ ഇൻവോയിസ് പ്രകാരമുള്ള തുക | ₹337201 |
| വ്യത്യാസം | 5956 |

കെൽട്രോണിന് നൽകിയ അധിക തുക (5956) നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.15/27-12-2019) നൽകിയതിൽ തുക തിരിച്ച് നൽകാമെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. അധിക തുക നൽകിയത് തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 ബാരലിന്റെ വില കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു

ഗ്രാമ പഞ്ചായത്തിന്റെ റോഡു പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി നിർവ്വഹണത്തിനുശേഷം ബാരൽ തിരികെ ലഭ്യമാക്കാത്തപക്ഷം തുക അനുവദിക്കുമ്പോൾ കാലി ബാരലിന്റെ വില കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ തുകയിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടിയും കുറവു ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

(SS1-182kg/ബാരൽ, RS1-200kg/ബാരൽ, VG 30- 161.8kg/ബാരൽ)

| ക്രമ നം. | പദ്ധതി | ബിറ്റുമിൻ പ്രവൃത്തി | പ്രവൃത്തി അളവ് | ബിറ്റുമിൻ അളവ് kg | ബാരൽ എണ്ണം | ബിൽ നം. തുക |
|---|---|---|---|---|---|---|
| 1 | പുല്ലാനിക്കാട് റോഡ് മെറ്റലിങ്&ടാറിങ്(SCP) pro.25/19 കരാറുകാരൻ- മുകുന്ദൻ.സി MB. 126/17-18 | Priming coat. SS-1 | 620.05x 0.85 | 527 | 2.91 | 60/ 18-19/ 24.1.2019 |
| | | Tack coat RS-1 | 620.05x 0.275 | 170.51 | 0.85 | |
| | | 20mm | 620.05x | 1023.10 | 6.32 | |

| | | | | | | |
|---|---|---|---|---|---|---|
| | | carpet vg-30 | 1.65 | | | |
| | | seal coat vg-30 | 620.05x 0.46 | 285.22 | 1.76 | |
| ആകെ ബാരൽ 11.84 | | | | | | |
| 2 | ചീരാത്തുകുളമ്പ് മെറ്റലിങ്& ടാറിങ് pro.88/19 കരാറുകാരൻ- രമേഷ്.വി.ആർ MB-124/17-18 | Priming coat. SS-1 | 414m2x 0.85 | 351.9 | 1.93 | 52/ 18-19/ 22.1.2019 |
| | | Tack coat RS-1 | 414m2x 0.275 | 113.85 | 0.57 | |
| | | 20mm carpet vg-30 | 414m2x 1.65 | 683.10 | 4.22 | |
| | | seal coat vg-30 | 414m2x 0.46 | 190.44 | 1.18 | |
| | | Priming coat. SS-1 | 336m2x 0.85 | 285.60 | 1.57 | |
| | | Tack coat RS-1 | 336m2x 0.275 | 92.40 | 0.46 | |
| | | 20mm carpet vg-30 | 336m2x 1.65 | 554.40 | 3.43 | |
| | | seal coat vg-30 | 336m2x 0.46 | 154.56 | 0.96 | |
| ആകെ ബാരൽ 14.32 | | | | | | |

ആകെ 26.16ബാരലുകളുടെ വില 250 രൂപ നിരക്കിൽ - 6540 (2960+3580)രൂപയും 18% ജി.എസ്.ടി-1177 (533+ 644) രൂപയും ചേർത്ത് ആകെ 7717.00 രൂപ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/26.12.2019) ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബാരലിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 മരാമത്തു പ്രവൃത്തിയുടെ

# പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ ഈടാക്കിയില്ല

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കരാറുകാരന്റെ പിഴവുമൂലം കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കിമാത്രമേ ആയത് അനുവദിക്കാവൂ. ഇപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ (പൂർത്തീകരണ കാലാവധിയുടെ 25% )പി.എ.സി യുടെ 1ശതമാനവും രണ്ടാം തവണ (പൂർത്തീകരണ കാലാവധിയുടെ 25% ) പി.എ.സി യുടെ 2 ശതമാനവും ഈടാക്കേണ്ടതാണെന്ന് 1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യുഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2112-1 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൂർത്തീകരണ കാലാവധിയുടെ 50% ൽ കൂടുതൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതല്ല. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണസമയം ദീർഘിപ്പിച്ചുനൽകിയെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

**എ.പ്രവൃത്തിയുടെ പേര് : ചീരാത്തുകുളമ്പ് റോഡ് മെറ്റലിങ് & ടാറിങ് (പെരുങ്ങോട്ടുകുറുശ്ശി ഗ്രാമ പഞ്ചായത്ത്)**

പ്രൊജക്റ്റ് നം. : 88/19

പി.എ.സി : 409324

ചെലവ് : 426104

ബിൽ നം. : 52/18-19/22.1.2019

എം.ബുക്ക് നം. : 124/17-18

എഗ്രിമെന്റ് നം. : 7.11.2017

കരാറുകാരന്റെ പേര് : രമേഷ്.വി.ആർ

പൂർത്തിയാക്കേണ്ട തീയതി : 6.5.2018(6 മാസം)

പൂർത്തിയാക്കിയ തീയതി : 25.10.2018

ഈടാക്കേണ്ട പിഴ :

7.5.2018മുതൽ 20.6.2018 വരെ(1%) : 4093 രൂപ

21.6.2018മുതൽ 25.10.2018 വരെ(2%) : 8186 രൂപ

ആകെ : 12279രൂപ

ഈടാക്കിയ പിഴ :0 രൂപ

ഈടാക്കാൻ ബാക്കി : 12279രൂപ

**ബി. പ്രവൃത്തിയുടെ പേര് : പൊക്കാത്ത് റോഡ് ഫോർമേഷൻ(കുഴൽമന്ദം ഗ്രാമ പഞ്ചായത്ത്)**

പ്രൊജക്ട് നം. : 94/19

പി.എ.സി : 478122

ചെലവ് : 478121

ബിൽ നം. : 17/18-19/18.7.2018

എം.ബുക്ക് നം. : 67/17-18

എഗ്രിമെന്റ് നം. : 7/17-18/AEE/30.10.2017

കരാറുകാരന്റെ പേര് : വാസുദേവൻ.സി.വി

പൂർത്തിയാക്കേണ്ട തീയതി : 31.3.2018

പൂർത്തിയാക്കിയ തീയതി : 25.5.2018

ഈടാക്കേണ്ട പിഴ :

1.4.2018മുതൽ 18.5.2018 വരെ(1%) : 4781 രൂപ

19.5.2018മുതൽ 25.5.2018 വരെ(2%) : 9562 രൂപ

ആകെ : 14343രൂപ

ഈടാക്കിയ പിഴ :0 രൂപ

ഈടാക്കാൻ ബാക്കി : 14343രൂപ
ഈടാക്കാൻ ബാക്കിയുള്ള ആകെ പിഴ തുക 26622 രൂപ (12279+14343) ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 10/26.12.2019) ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പിഴ തുക 26622 രൂപ കരാറുകാരിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് പൊതു വിഭാഗത്തിനു

# വേണ്ടിയുള്ള നിർമ്മാണം അംഗീകരിക്കാവുന്നതല്ല

**എ) പദ്ധതി:- വയോജനപാർക്ക് പൂർത്തീകരണ പ്രവൃത്തികൾ**

പദ്ധതി നം :- 109/19 (SCP)

അടങ്കൽ :- 15,00,000

ചെലവ് :- 1262365

ബിൽ നം:- 7/18-19/28.5.2018 -529773

16/18-19/18.7.2018 - 639842

39/18-19/17.12.2018 - 92750

കരാറുകാരൻ :- ഹരിദാസ്.കെ.കെ

എം.ബുക്ക് :- 33/17-18

കുളവൻമുക്ക് നാഷണൽ ഹൈവേയോട്ടും ഇറിഗേഷൻ കനാലിനോട്ടും ചേർന്ന ഒഴിഞ്ഞ സ്ഥലത്ത് മേൽ വകുപ്പുകളുടെ അനുവാദത്തോടെ ' വയോജന പാർക്ക് ' എന്ന പേരിൽ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് ഒരു പദ്ധതി 2017-18 ൽ ആവിഷ്കരിച്ച് പ്രാരംഭ നടപടി ആരംഭിക്കുകയും 2018-19 ൽ അവയുടെ പൂർത്തീകരണം അതേ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കോളനിയ്ക്കകത്തുമാത്രമേ ചെയ്യാൻ പാടുള്ളു എന്ന് 12-ാം പഞ്ചവൽസര പദ്ധതിയിലും 13-ാം പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി ഉത്തരവ് നം. 72/2017/ത.സ്വ.ഭ.വ തീയതി 29.3.2017ലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായാണ് വയോജനപാർക്ക് എന്ന പൊതുപാർക്ക് പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി പ്രദേശത്തിനടുത്തുള്ളതും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതുമായ ആകെ ജനവിഭാഗത്തെ പരിഗണിക്കാതെ പട്ടികജാതി വിഭാഗം ജനങ്ങൾ താമസിക്കുന്നിടത്ത് ജനറൽ വിഭാഗത്തിന്റെ എണ്ണം കുറവാണെന്നുകാണിച്ച് പട്ടികജാതി വികസന ഓഫീസർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും അനുവദിച്ചിട്ടുണ്ട്. ആയതും ക്രമപ്രകാരമല്ല. ഇപ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയുടെ ലംഘനത്തിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്
(10/26.12.2019) ലഭ്യമാക്കിയ മറുപടിയിൽ വിശദമായ മറുപടി ഉടൻ ലഭ്യമാക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ബി) പദ്ധതി:- സ്ത്രീശാക്തീകരണ കേന്ദ്രം (മാത്തൂർ ഗ്രാമ പഞ്ചായത്ത്)

പദ്ധതി നം :- 117/19 (SCP)

അടങ്കൽ :- 525000

ചെലവ് :- 507591

ബിൽ നം:- 75/18-19/19.2.2019 -128857

കരാറുകാരൻ :- ബിനോയ്.എ

എം.ബുക്ക് :- 36/17-18, 74/17-18

പട്ടികജാതി വിഭാഗം ഫണ്ട് ഉപയോഗിച്ച് മാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള അമ്പാട് അങ്കണവാടിയിൽ സ്ത്രീശാക്തീകരണകേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം നടത്തിയതിന് മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തി പട്ടികവിഭാഗം കോളനിയിലോ, പട്ടികജാതി കുടുംബങ്ങൾ കൂടുതലായി കാണപ്പെടുന്നഭാഗത്തോ അല്ല ചെയ്തിട്ടുള്ളത് എന്ന് 26.12.2019 ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധയിൽ ബോധ്യമായി. നിലവിലുള്ള അങ്കണവാടി കെട്ടിടത്തിനുമുകളിൽ ട്രസ്സ് പ്രവൃത്തി ചെയ്ത ഭാഗത്ത് ചുമർ നിർമ്മിച്ച് സ്ത്രീശാക്തീകരണകേന്ദ്രമാക്കുകയും അങ്കണവാടിയുടെ മുറ്റത്ത് 78.58m2 അളവിൽ പുതിയതായി ട്രസ്സ് വർക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ കെട്ടിടം ഈ വിഭാഗം ജനങ്ങളുടെ ശാക്തീകരണത്തിനായി ഉപയോഗപ്പെടുത്തിയതിന്റെ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 14/27.12.2019) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കോളനികൾക്കുള്ളിൽ മാത്രം നിർവ്വഹിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ജനറൽ ഫണ്ടിൽ നിന്നും പരിഹാര പ്രൊജക്റ്റ് രൂപീകരിച്ച് തുക എസ്.സി.പി ഫണ്ടിൽ നിക്ഷേപിക്കാൻ ആവശ്യമായ നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

# 1-25 കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഷെഡ്ഡിന് അധിക നിരക്ക് അനുവദിച്ചു

2018-19 ൽ നടപ്പാക്കിയ താഴെ പറയുന്ന കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഷെഡ്ഡിന് അനുവദനീയമായതിനേക്കാൾ കൂടുതൽ തുക നൽകിയതായി കാണുന്നു.

2m X 2m (4 m2) വലുപ്പമുള്ള മോട്ടോർ ഷെഡ്ഡിന് നിരീക്ഷണ ഡാറ്റ പ്രകാരം 30000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കരാറുകാർ ഈ നിരക്കിലോ ഇതിലും കുറഞ്ഞ നിരക്കിലോ നിർമ്മിച്ചു നൽകാമെന്ന് സമ്മതിച്ച് 2m X 2m വലുപ്പമുള്ള ഷെഡ്ഡ് നിർമ്മിച്ചു എന്ന് എം. ബുക്കിൽ രേഖപ്പെടുത്തുകയും കരാർ പ്രകാരം നിശ്ചയിക്കപ്പെട്ട തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ 26.12.2019 ന് ഓവർസീയറുടെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 1.6m X 1.6m വലുപ്പമുള്ള ഷെഡ്ഡാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് ബോധ്യമായി. ഇത്തരത്തിലുള്ള ഷെഡ്ഡിന് നിരീക്ഷണ ഡാറ്റ പ്രകാരം 25000 രൂപയാണ് അനുവദനീയമായിട്ടുള്ളത്. അനുവദനീയമായതിനേക്കാൾ കൂടുതലായി പദ്ധതി ഫണ്ട് നൽകിയതിലൂടെ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം സംഭവിച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി വിവരം | കരാറുകാരൻ | മോട്ടോർ ഷെഡ്ഡിനു വേണ്ടി നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | കളത്തിൻപടി കുടിവെള്ള പദ്ധതി(കുഴൽമന്ദം ഗ്രാ.പ)<br>പ്രൊ.നം.-40/19<br>ചെലവ്- 406630<br>ബിൽ നം: 54/18-19/ 23.1.2019<br>MB നം:- 130/ 17-18 | ഷെയ്ക്ക് അബ്ദുൾ ഖാദർ | 26340<br>(30000 X 12.2% കുറവ്) | 21950<br>(25000x 12.2% കുറവ്) | 4390 |
| 2 | പുത്തൻതറ തായങ്കോട്ടുപുര കുടിവെള്ള പദ്ധതി(കുഴൽമന്ദം ഗ്രാ.പ)<br>പ്രൊ.നം.-97/19<br>ചെലവ്- 705352<br>ബിൽ നം: 24/18-19/ 7.9.2018 | സുനിൽ.വി.കെ | 30000 | 25000 | 5000 |

| | | | | | |
|---|---|---|---|---|---|
| | 63/18-19/<br>30.1.2019<br>MB നം:- 63/<br>17-18 | | | | |
| 3 | ചാത്രൻകാട് കുടിവെള്ള പദ്ധതി(കുഴൽമന്ദം ഗ്രാ.പ)<br>പ്രൊ.നം.-41/19<br>ചെലവ്- 408266<br>ബിൽ നം: 58/18-19/<br>24.1.2019<br>MB നം:- 135/<br>17-18 | ഷെയ്ക്ക് അബ്ദുൾ ഖാദർ | 26340<br>(30000 X 12.2% കുറവ്) | 21950<br>(25000x 12.2% കുറവ്) | 4390 |
| 4 | വയറക്കാട് കുടിവെള്ള പദ്ധതി(മാത്തൂർ ഗ്രാ.പ)<br>പ്രൊ.നം.-34/19<br>ചെലവ്- 267026<br>ബിൽ നം: 67/18-19/<br>23.1.2019<br>MB നം:- 138/<br>17-18 | ഷഫീക്.N.M | 23650<br>(30000 x<br>21.17% കുറവ്) | 19707<br>(25000 x<br>21.17% കുറവ്) | 3943 |
| 5 | വട്ടേക്കാട്ടുപറമ്പ്-മുടികുത്താൻപാറ കുടിവെള്ള പദ്ധതികൾ(കുത്തനൂർ ഗ്രാ.പ)<br>പ്രൊ.നം.-104/19<br>ചെലവ്- 804201<br>ബിൽ നം: 26/18-19/<br>28.9.2018<br>-398707<br>MB നം:- 58/ | അരുമൈനാഥൻ | 57998<br>(28999 x2)<br>(60000 X 3.34% കുറവ്)<br>(2 പദ്ധതി) | 48330<br>(50000 x 3.34% കുറവ്) | 9668 |

| | | | | | |
|---|---|---|---|---|---|
| | 17-18 | | | | |
| 6 | കുണ്ടുപറമ്പ് കുടിവെള്ള പദ്ധതികൾ (കുത്തനൂർ ഗ്രാ.പ)<br>പ്രൊ.നം.106/19<br>ചെലവ്-500000<br>ബിൽ നം: 18/18-19/<br>18.7.2018<br>-349600<br>MB നം:- 37/<br>17-18 | ഹരിദാസൻ.കെ | 28000<br>(30000 X 6.67% കുറവ്) | 23333<br>(25000 x<br>6.67% കുറവ്) | 4667 |
| 7 | പനങ്കൂടം കുടിവെള്ള പദ്ധതി(കോട്ടായി ഗ്രാ.പ)<br>പ്രൊ.നം.-85/19<br>ചെലവ്- 900000<br>ബിൽ നം: 31/18-19/<br>15.11.2018<br>-169021<br>MB നം:- 57/<br>17-18 | കൃഷ്ണകുമാർ | 30000 | 25000 | 5000 |
| 8 | കൊല്ലങ്കോട്ടുകളം കുടിവെള്ള പദ്ധതികൾ(കോട്ടായി ഗ്രാ.പ)<br>പ്രൊ.നം.-52/19<br>ചെലവ്- 422128<br>ബിൽ നം: 66/18-19/<br>8.2.2019<br>MB നം:- 139/<br>17-18 | ഫാസിൽ | 23650<br>(30000 x<br>21.17% കുറവ്) | 19707<br>(25000 x<br>21.17% കുറവ്) | 3943 |
| 9 | പട്ടിയം കോണം ചെന്നക്കോട് | ഷെയ്ക്ക് അബ്ദുൾ ഖാദർ | 26340 | 21950 | 4390 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി(കുഴൽമന്ദം ഗ്രാ.പ)<br><br>പ്രൊ.നം.-38/19<br><br>ചെലവ്- 432805<br><br>ബിൽ നം: 62/18-19/<br><br>24.1.2019<br><br>MB നം:- 133/<br><br>17-18 | | (30000 X 12.2% കുറവ്) | (25000x 12.2% കുറവ്) | |
| | | | | ആകെ കുറവ് | 45391 |

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 14/27.12.2019) ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുക കരാറുകാരിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 കുടിവെള്ള പദ്ധതികൾക്ക് ബോർഡ് സ്ഥാപിക്കാൻ തുക നൽകിയെങ്കിലും ബോർഡ് സ്ഥാപിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ വിവിധ കുടിവെള്ള പദ്ധതികൾക്കായി തുക കരാറുകാരന് അനുവദിക്കുമ്പോൾ ബോർഡ് സ്ഥാപിക്കുന്നതിനായി തുക വകയിരുത്തുകയും അവ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി 26.12.2019 ന് ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ താഴെ പറയുന്ന പദ്ധതികളുടെ ബോർഡ് സ്ഥാപിച്ചിട്ടില്ലെന്ന് ബോധ്യമായി.

| ക്രമ നം. | പദ്ധതി വിവരം | കരാറുകാരൻ | ബോർഡിനു വേണ്ടി നൽകിയ തുക |
|---|---|---|---|
| 1 | കളത്തിൻപടി കുടിവെള്ള പദ്ധതി(കുഴൽമന്ദം ഗ്രാ.പ)<br><br>പ്രൊ.നം.-40/19 | ഷെയ്ക്ക് അബ്ദുൾ ഖാദർ | 5000 |

| | | | |
|---|---|---|---|
| | ചെലവ്- 406630<br>ബിൽ നം: 54/18-19/<br>23.1.2019<br>MB നം:- 130/<br>17-18ന്ദം | | |
| 2 | പട്ടിയം കോണം ചെന്നക്കോട് കുടിവെള്ള പദ്ധതി(കുഴൽമന്ദം ഗ്രാ.പ)<br>പ്രൊ.നം.-38/19<br>ചെലവ്- 432805<br>ബിൽ നം: 62/18-19/<br>24.1.2019<br>MB നം:- 133/<br>17-18 | ഷെയ്ക്ക് അബ്ദുൾ ഖാദർ | 5000 |
| 3 | ചാത്രൻകാട് കുടിവെള്ള പദ്ധതി(കുഴൽമന്ദം ഗ്രാ.പ)<br>പ്രൊ.നം.-41/19<br>ചെലവ്- 408266<br>ബിൽ നം: 58/18-19/<br>24.1.2019<br>MB നം:- 135/<br>17-18 | ഷെയ്ക്ക് അബ്ദുൾ ഖാദർ | 5000 |
| 4 | മന്ദം കുമ്പളത്തറ കുടിവെള്ള പദ്ധതി(കണ്ണാടി ഗ്രാ.പ)<br>പ്രൊ.നം.-59/19<br>ചെലവ്- 380306<br>ബിൽ നം: 42/18-19/<br>21.12.2018<br>MB നം:- 116/<br>17-18 | ഷഫീക്.N.M | 4300 |
| | | ആകെ | 19300 |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് ( 14/27.12.2019) ലഭ്യമാക്കിയ മറുപടിയിൽ പേര് രേഖപ്പെടുത്തിയ ബോർഡ് ഉടൻ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഷെഡ്യൂൾ പ്രകാരം മൂല്യമുള്ള ബോർഡ് സ്ഥാപിക്കാത്തപക്ഷം തുക കരാറുകാരിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. വിവിധ കുടിവെള്ള പദ്ധതികളുടെ ബോർഡുകൾ സ്ഥാപിക്കുന്നതുവരെ ഈയിനത്തിൽ ചെലവ് ചെയ്ത 19300.00 രൂപ തടസ്സപ്പെടുത്തുന്നു.

# 1-27 ട്രസ്സ് വർക്ക് ചെയ്തതിന് അധികം തുക അനുവദിച്ചു

പദ്ധതി:- സ്ത്രീശാക്തീകരണ കേന്ദ്രം (മാത്തൂർ ഗ്രാമ പഞ്ചായത്ത്)

പദ്ധതി നം :- 117/19 (SCP)

അടങ്കൽ :- 525000

ചെലവ് :- 507591

ബിൽ നം:- 75/18-19/19.2.2019 -128857

കരാറുകാരൻ :- ബിനോയ്.എ

എം.ബുക്ക് :- 36/17-18, 74/17-18

മേൽ എം. ബുക്ക് ഇനം. 7 പ്രകാരം 78.58m2 അളവിൽ പുതിയതായി ട്രസ്സ് വർക്ക് ചെയ്യുകയും 0.5mm കനമുള്ള ഗാൽവനൈസ്ഡ് അയെൺ പ്രൊഫൈൽ ഷീറ്റാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തി 730.49/m2 നിരക്കിൽ 57401രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗാൽവനൈസ്ഡ് അയെൺ പ്രൊഫൈൽ ഷീറ്റ് 0.5mm കനമുള്ളതിനു പകരം 0.35 mm കനത്തിലുള്ള ഷീറ്റാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യമായി. 0.35 mm ഷീറ്റിന് നിരീക്ഷണഡാറ്റ പ്രകാരം 624/m2 നിരക്കിൽ 49034 രൂപയാണ് അനുവദിക്കാവുന്നത്. ആയതിനാൽ ഈ ഇനത്തിൽ അധികമായി 8367 (57401-49034) രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

നിലവിലുണ്ടായിരുന്ന 8 അയെൺ പില്ലറുകളുടെ സ്ഥാനത്താണ് ഭിത്തി കെട്ടിയിട്ടുള്ളതെങ്കിലും അയെൺ പില്ലറുകൾ മാറ്റിയതിന്റെരേഖകളില്ല. ഇവ പദ്ധതി പ്രദേശത്ത് സ്റ്റോക്ക് ചെയ്യുകയോ തിരികെ ഗ്രാമപഞ്ചായത്തിലോ ബ്ലോക്ക് പഞ്ചായത്തിലോ ഏല്പിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 14/27.12.2019) ലഭ്യമാക്കിയ മറുപടിയിൽ ഷീറ്റിന് അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ അയെൺ പില്ലറുകൾ മാറ്റാതെയാണ് ഭിത്തി

കെട്ടിയിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. ഭിത്തി കെട്ടുമ്പോൾ അയൺ പില്ലർ നിലനിർത്തേണ്ടതിന്റെ ആവശ്യകത ഇല്ലാത്തതിനാൽ അവ നീക്കം ചെയ്ത് ആവശ്യമായ മറ്റ് പദ്ധതികൾക്കായി പ്രയോജനപ്പെടുത്താമായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി പദ്ധതിഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 ടെന്ററർ ഫോറം ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പൊതുമരാമത്തു പ്രവൃത്തികൾ ഇ- ടെന്റർ ചെയ്യപ്പെടുമ്പോൾ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ കുഴൽമന്ദം എസ്.ബി.ഐ യിൽ 37114197358 നമ്പറായി ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ ലഭിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിയുടെ പേരിലുള്ള തനതുഫണ്ടിലേക്ക് കൈമാറണമെന്നിരിക്കെ ആയത് കൈമാറാത്തതിനാൽ 27.12.2019 ന് നീക്കിയിരുപ്പായി 107756.5 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഇവ കൈമാറാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 16/27.12.2019) ലഭ്യമാക്കിയ മറുപടിയിൽ തുക ഉടൻതന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽ ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1)**

പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഒന്നുമില്ല

-

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഒന്നുമില്ല

-

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08.07.2019 മുതൽ 09.07.2019 വരെ | നം.കെ.എസ്.എ-പികെഡി.21/969/2019(5)തീ26-8-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച

# ഫണ്ട് വിനിയോഗം

ഒന്നുമില്ല

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 130/19, കൊടക്കാട് അംഗൻവാടിക്ക് മുകളിലൂടെ പോകുന്ന വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബിക്ക് തുക കൈമാറൽ | 15/ 09.08.2018 (Plan Fund- SCP) | 41040 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 70/19, ആറാംകോട് കോളനി, ചക്കംപുറം, മണ്ണിൽകുളം, കോട്ടക്കുന്ന് കോളനി, തെക്കേമഠം കോളനി എന്നീ ഭാഗത്തേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ (പെരിങ്ങോട്ടുകുറുശ്ശി ഗ്രാമ പഞ്ചായത്ത്) | 21/ 03.09.2018, 31/ 16.11.18 (Plan Fund- SCP) | 1500000 (900000 + 600000) | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 76/19, ആറാംകോട് ഭാഗത്തേക്ക് | 20/ 03.09.2018 | 500000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | (Plan Fund- GL) | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ₹167829533 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹121801234 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 115000 |

(ബി). **ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 115000 | സെക്രട്ടറി, സി.എച്ച്.ഹമീദ്കുട്ടി ആശാൻ |
| 1-26 | 19300 | പ്രദീപ്കുമാർ.കെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

**ഭാഗം-1 ൽ പ്രതിപാദിച്ച നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 5956 | പ്രദീപ്കുമാർ.കെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-22 | 7717 | ടി |
| 1-23 | 26622 | ടി |
| 1-25 | 45391 | ടി |

കരാറുകാർക്ക് തിരിച്ചു നൽകുവാനുള്ള EMD, SD, പെർഫോർമൻസ് ഗ്യാരണ്ടി തുകകൾ ഉണ്ടെങ്കിൽ അവയിൽ നിന്നോ അല്ലെങ്കിൽ അടിയന്തിരമായി നിർവ്വഹണ ഉദ്യോഗസ്ഥർ കരാറുകാരുമായി കത്തിടപാടുകൾ നടത്തി അവരിൽ നിന്നോ നഷ്ടം

തിരിച്ചുപിടിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് തിരിച്ചുപിടിക്കേണ്ടതാണ്.

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

| | |
|---|---|
| ഖണ്ഡിക നമ്പർ | ഒന്നുമില്ല |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി, സി.എച്ച്.ഹമീദ്കുട്ടി ആശാൻ | ബി.പി.ഒ, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | റൂം നം.4, ഹിരാ കോട്ടേജ്, അമ്പലനട, വെസ്റ്റ് ചാലക്കുടി |
| പ്രദീപ്കുമാർ.കെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | 154/IX, കാളിയംപറമ്പിൽ(ഹൌസ്) ഗവ.ഹോസ്പിറ്റൽ ജംഗ്ഷൻ, അമ്പലപ്പാറ, ചെറുമുണ്ടശ്ശേരി, പാലക്കാട്-679 512 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | LFP6/1234/15.1.09 | 7 | |
| 2003-04 | LFP8/726/7.8.10 | 4 | |
| 2004-05 | LFP8/1240/29.3.12 | 7 | |
| 2005-06 | LFP8/1240/10.4.12 | 2 | |
| 2006-07 | LFP8/1921/9.11.12 | 5 | |
| 2007-08 | LFP8/1921/9.11.12 | 5 | |
| 2008-09 | LFP8/513/27.3.13 | 7 | |
| 2009-10 &2010-11 | LFP8/780/13.12.14 | 23 | |
| 2011-12 | LFP8/780/13.12.14 | 16 | |
| 2012-13, 2013-14 & 2014-15 | KSA-PKD 8/255/16/12-02-16 | 18 | |
| 2015-16 | കെ.എസ്.എ- | 10 | |

| | | | |
|---|---|---|---|
| | പി.കെ.ഡി.8/304/<br>17/02.05.2017 | | |
| 2016-17 | കെ.എസ്.എ-പി.കെ.ഡി.8/<br>2247/2017/30.11.2017 | 8 | |
| 2017-18 | കെ.എസ്.എ-പി.കെ.ഡി.25/<br>645/2019/18.7.219 | 11 | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

# അനുബന്ധം.2 വാർഷിക ധനകാര്യപത്രിക- സംക്ഷിപ്തം

| Kuzhalmannam Block Panchayat<br>INCOME & EXPENDITURE<br>STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 165200.00 |
| 140000000 | Fee & User Charges | I-4(b) | 4379.00 |
| 150000000 | Sale & Hire Charges | I-5(b) | 62687.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 55540563.00 |
| 171000000 | Interest Earned | I-8 | 760037.00 |
| 180000000 | Other Income | I-9 | 0.0 |
| | **Total Income** | | **56532866.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 1919163.00 |
| 220000000 | Administrative Expenses | I-11(b) | 1012721.00 |
| 230000000 | Operations & Maintenance | I-12(b) | 416784.00 |
| 240000000 | Interest & Finance Charges | I-13 | 0.0 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12742582.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 65483435.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3836150.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 101680.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 0.0 |
| 255000000 | Maintenance Projects | I-14(e) | 4664612.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1527981.00 |
| 272000000 | Depreciation | I-17(a) | 4595577.00 |
| | **Total Expenditure** | | **96300685.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-39767819.00** |
| 280000000 | Prior Period Item | I-18 | 44324738.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-84092557.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**Kuzhalmannam Block Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 50571641.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat Properties | RP-3 | 165200.00 |
| 140000000 | Fees & User Charges | RP-4 | 4379.00 |
| 150000000 | Sale & Hire Charges | RP-5 | 62687.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 81519478.00 |
| 171000000 | Interest Earned | RP-9 | 760037.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 32186923.00 |
| 350000000 | Other Liabilities | RP-36 | 0.0 |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 340000000 | Deposits Received | RP-34 | 331184.00 |
| 350000000 | Other Liabilities | RP-36 | 2040.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1458115.00 |
| 460000000 | Loans, Advances and Deposits | RP-47 | 767849.00 |
| | **Grand total** | | **167829533.00** |
| | PAYMENTS | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 1919163.00 |
| 220000000 | Administrative Expenses | RP-12 | 1012721.00 |
| 230000000 | Operations & Maintenance | RP-13 | 361644.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 12742582.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 65483435.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1839968.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 101680.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 0.0 |
| 255000000 | Maintenance Projects | RP-20 | 4664612.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1027981.00 |
| 280000000 | Prior Period item | RP-26 | 1362654.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 17932.00 |
| 350000000 | Other Liabilities | RP-36 | 2648115.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 0.0 |
| 340000000 | Deposits Received | RP-34 | 11633.00 |
| 350000000 | Other Liabilities | RP-36 | 111445.00 |
| 410000000 | Fixed Assets | RP-38 | 10674617.00 |
| 412000000 | Capital work in Progress | RP-40 | 16640095.00 |
| 460000000 | Loans, Advances and Deposits | RP-47 | 1180957.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 46028299.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **167829533.00** |

**Kuzhalmannam Block Panchayat**
INCOME & EXPENDITURE
STATEMENT

| | | | |
|---|---|---|---|
| | STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 165200.00 |
| 140000000 | Fee & User Charges | I-4(b) | 4379.00 |
| 150000000 | Sale & Hire Charges | I-5(b) | 62687.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 55540563.00 |
| 171000000 | Interest Earned | I-8 | 760037.00 |
| 180000000 | Other Income | I-9 | 0.0 |
| | **Total Income** | | **56532866.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 1919163.00 |
| 220000000 | Administrative Expenses | I-11(b) | 1012721.00 |
| 230000000 | Operations & Maintenance | I-12(b) | 416784.00 |
| 240000000 | Interest & Finance Charges | I-13 | 0.0 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12742582.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 65483435.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3836150.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 101680.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 0.0 |
| 255000000 | Maintenance Projects | I-14(e) | 4664612.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1527981.00 |
| 272000000 | Depreciation | I-17(a) | 4595577.00 |
| | **Total Expenditure** | | **96300685.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-39767819.00** |
| 280000000 | Prior Period Item | I-18 | 44324738.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-84092557.00** |
| | [illegible] | [illegible] | |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം.1</u> <u>വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേലുള്ള സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-പികെഡി.21/969/2019(5) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ **കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിന്റെ** 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ 2017-18 വർഷം വരെയുള്ള ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

2. RP40(a) പ്രകാരം IAY-SMGB 2832 എന്ന അക്കൗണ്ടിന്റെ മുന്നിരിപ്പ് 16000 രൂപയും RP40(b) പ്രകാരം നീക്കിയിരിപ്പ് 16000 രൂപയുമാണ്. അത്തരത്തിൽ ഒരു അക്കൗണ്ട് നിലവിലുള്ളതായി കാണുന്നില്ല. അക്കൗണ്ട് സാംഖ്യയിൽ നിന്നും നീക്കം ചെയ്തിട്ടില്ല.

3. ഓപ്പറേറ്റ് ചെയ്യാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

| അക്കൗണ്ട് | നിക്കിയിരിപ്പ് തുക (₹) |
|---|---|
| BRGF | 410390 |
| NREP-UBI Kuzhalmannam-7296 | 2691579 |
| Hariyali-Canara Bank Thenkurissi-45405 | 1601861 |
| SBT – Plan – SBI Kuzhalmannam- 18435 | 584856 |
| Miscellneous – UBI Kuzhalmannam - 16222 | 5905569 |
| Miscellaneous-Canara Bank Thenkurissi 53312 (BDO) – MP Fund & Others | 2214390 |

ഓപ്പറേറ്റ് ചെയ്യാത്ത അക്കൗണ്ടുകളിലെ തുകകൾ അതാത് ഹെഡുകളിലേക്ക് തിരിച്ചടച്ച് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

Kerala State Audit Department

District Audit Office, Palakkad,

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of **Kuzhalmannam Block Panchayat** in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kuzhalmannam Block Panchayat** for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Senior Deputy Director

## Annexure

## Abstract Defects/Discrepancies

1. Since Sachithra Software is not linked with Sankhya, accuracy of asset value shown in balance shett could not be ascertained.

2. Opening balance and closing balance of account IAY-SMGB 2832 as per RP40(a) and RP40(b) is 16000. This non existing account has not been removed from Sankhya.

3. The followin non operating accounts not seen closed.

| Account | Balance Amount |
|---|---|
| BRGF | 410390 |
| NREP-UBI Kuzhalmannam-7296 | 2691579 |
| Hariyali-Canara Bank Thenkurissi-45405 | 1601861 |
| SBT – Plan – SBI Kuzhalmannam- 18435 | 584856 |
| Miscellneous – UBI Kuzhalmannam - 16222 | 5905569 |
| Miscellaneous-Canara Bank Thenkurissi 53312 (BDO) – MP Fund & Others | 2214390 |

Action not taken to refund the amounts included in non operating accounts into respective accounts.

Senior Deputy Director